LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 40 സീറ്റിലേക്ക്.

(ബി) മണ്ണുത്തിയിൽ 1993 മുതൽ കോളേജ് ഓഫ് ഡയറി സയൻസ് & ടെക്നോളജി പ്രവർത്തിച്ചുവരുന്നു.

(സി) ഉണ്ട്. (40-ൽ നിന്ന് 100 ലേക്ക്)

(ഡി) മണ്ണുത്തി. ഡോ. വി. കെ. കര്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ഇ) കഴിയും. മണ്ണുത്തി വെറ്ററിനറി കോളേജിലെ സൗകര്യങ്ങളും CAADECCS ബിൽഡിംഗ് സൗകര്യങ്ങളും ഇതിനായി ഉപയോഗിക്കുന്നതാണ്.

എം. മൊഹമ്മദ് ഇക്ബാലിന്റെ സ്ഥലം മാറ്റം

203 (3179) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ രണ്ടാം ഗ്രേഡ് പേസ്റ്റ് അപ് ആർട്ടിസ്റ്റ് എം. മൊഹമ്മദ് ഇക്ബാലിനെ മണ്ണന്തല ഗവൺമെന്റ് പ്രസ്സിലേക്ക് സ്ഥലം മാറ്റിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെങ്കിലും കറ്റം ചുമത്തിയാണോ പ്രസ്തുത സ്ഥലത്തേക്ക് മാറ്റി നിയമിച്ചത് ;

ഉത്തരം

(എ &ബി) അച്ചടി വകുപ്പ് ഡയറക്ടറുടെ കൃത്യനിർവ്വഹണത്തിന് തടസ്സം വരുത്തിയെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ രണ്ടാം ഗ്രേഡ് പേസ്റ്റ് അപ് ആർട്ടിസ്റ്റ് ശ്രീ. എം. മൊഹമ്മദ് ഇക്ബാലിനെ അച്ചടി വകുപ്പ് ഡയറക്ടറുടെ 6-2-2015-ലെ ഉത്തരവ് പ്രകാരം മണ്ണന്തല ഗവൺമെന്റ് പ്രസ്സിലേക്ക് സ്ഥലം മാറ്റുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടിയാൻ മാപ്പപേക്ഷിച്ചിരിക്കുന്ന സാഹചര്യത്തിൽ അച്ചടി വകുപ്പ് ഡയറക്ടറുടെ 6-2-2015-ലെ ഉത്തരവ് റദ്ദാക്കിക്കൊണ്ട് ടിയാനെ തിരുവനന്തപുരം ഗവ. സെൻട്രൽ പ്രസ്സിൽ തന്നെ നിലനിർത്തിക്കൊണ്ട് ടിയാനിൽനിന്നും വിശദീകരണം വാങ്ങി അച്ചടക്കനടപടി തുടരുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.